# വ്യവസായ നാദം
OFFICIAL NEWS BULLETIN OF KSSIA, KOTTAYAM UNIT

VOL.4 ISSUE 3
**JUNE 2010**



Chief Editor
**Dr.George Thomas Perincheril**
(President, KSSIA,Kottayam)

Associate Editor
**Sabu Pulintharakunnel**

Editorial Board Members
**Dr. T. C. Joseph**
**Abraham Kuriakose**
**K. Dilip Kumar**
**Benoy Kurian**
**James Jacob Vilanganpara**
**Xavier Thomas Kondody**

Layout
**mosartdesign@gmail.com**

Type Setting /DTP
**Sandra Graphics, Manganam**



**THE KERALA STATE SMALL INDUSTRIES ASSOCIATION (KSSIA), KOTTAYAM DISTRICT UNIT**
No.XIV/105/A
Kottayam Municipal Industrial Estate
Kodimatha, Kottayam-686 039
Phone: 2309731, 9496413081
Phone / Fax: 2567570

www.kssiakottayam.com
E-mail:ktmsmallind@bsnl.in
kssiaindustries@yahoo.co.in


## സദ്ചിന്ത



**നാം** ആരാണെന്ന് നമുക്ക് അറിയാമെങ്കിലും ആരായേക്കുമെന്ന് നമുക്ക് അറിയുകയില്ല.

–ഷേക്സ്പിയർ



# കഴിഞ്ഞ രണ്ടു വർഷങ്ങളിലേക്ക് പിന്തിരിഞ്ഞുനോക്കുമ്പോൾ

**എഡിറ്റോറിയൽ**

**2008–10** വർഷത്തെ കമ്മറ്റിയുടെ ചുമതല ഏതാണ്ട് അവസാനിക്കാറായിരിക്കുന്നു. അടുത്ത മാസം നടക്കുന്ന പൊതുയോഗത്തിൽ പുതിയ ഭാരവാഹികൾ ചുമതല ഏറ്റെടുക്കുകയാണ്. ഈ അവസരത്തിൽ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനം വിലയിരുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

കഴിഞ്ഞ 23 മാസങ്ങളിലും 23 കമ്മറ്റികൾ കൂടാൻ സാധിച്ചു. വളരെ കാര്യക്ഷമമായി നടക്കുന്ന അസോസിയേഷനുകൾക്കു മാത്രമേ കൃത്യമായ രീതിയിൽ കമ്മറ്റികളും പൊതുയോഗങ്ങളും നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളു.

അസോസിയേഷന്റെ ഏറ്റവും വലിയ സംരംഭമായ ഇൻഡക്സ് എക്സ്ബിഷൻ രണ്ടു വർഷങ്ങളിലും അന്താരാഷ്ട്ര നിലവാരത്തോടെ നടത്താൻകഴിഞ്ഞു. അതുപോലെ കെ. എസ്. എസ്. ഐ. എയ്ക്ക് സ്വന്തമായി വെബ്സെറ്റ് വികസിപ്പിക്കാൻ കഴിഞ്ഞതും അംഗങ്ങൾക്ക് തങ്ങളുടെ ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ (Product Display) നൽകുന്നതിന് പ്രയോജനകരമായി.

പുതിയതായി പണികഴിപ്പിച്ച അസോസിയേഷൻ ബിൽഡിംഗിൽ എല്ലാ സൗകര്യങ്ങളോടും കൂടി മാർക്കറ്റിംഗ് സെന്റർ വ്യവസായ മന്ത്രി എളമരം കരിം ഉദ്ഘാടനം ചെയ്തു.

വ്യവസായ ബോധവത്കരണ സെമിനാറുകൾ (04-10-2008, 10-2-2008) ഊർജ്ജ സംരക്ഷണം (13-02-2009) മാനേജ്മെന്റ് ട്രെയിനിംഗ് (15-02-2010, 05-03-2010) എന്നിവ നടത്തുവാൻ സാധിച്ചു. 2009 നവംബർ 21–ാം തീയതി വനിതാ വ്യവസായികളെ സഹായിക്കുന്നതിനുവേണ്ടി വനിതാ സെൽ ആരംഭിച്ചു. ജില്ലയിലെ പാവപ്പെട്ട ഒരു യൂണിറ്റിന് രണ്ട് തയ്യൽ മെഷീനും വർക്കിംഗ് ക്യാപ്പിറ്റലായി 5000 രൂപയും നൽകി.

ചാരിറ്റി പ്രവർത്തനങ്ങളുടെ ഉത്ഘാടനം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി നിർവഹിച്ചു. അതോടൊപ്പം മാതാപിതാക്കളില്ലാത്ത മൂന്ന് പെൺകുഞ്ഞുങ്ങൾക്ക് 25,000 രൂപയുടെ ധനസഹായവും നൽകി.

സിക്ക് യൂണിറ്റുകളെ സഹായിക്കുന്നതിനും അവരെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനുമായി ട്രാവൻകൂർ മാനേജ്മെന്റ് അസോസിയേഷനുമായി ചേർന്ന് ഫ്രീ കൺസൾട്ടിംഗ് കമ്മറ്റി രൂപികരിച്ച് എം. ഒ. യു (MOU) ഒപ്പിട്ടു.

കേന്ദ്ര ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ അംഗങ്ങളിൽ എത്തിക്കുവാൻവേണ്ടി എൻ.എസ്. ഐ. സി സബ് ഓഫീസ് അസോസിയേഷൻ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. എക്സിബിഷൻ വഴിയും അഭ്യുദയകാംക്ഷികൾ വഴിയും കിട്ടിയ തുകകൊണ്ട് ഓഫിസ് കെട്ടിടം ഭംഗിയാക്കുകയും ബാധ്യതകൾ പൂർണമായി അടച്ചുതീർക്കുകയും ചെയ്തു.

സംസ്ഥാന അസോസിയേഷന്റെയും കോട്ടയം എം എൽ എ വി എൻ വാസവന്റെയും സഹായത്തോടെ കെട്ടിടനികുതി വർധന, സെയിൽസ് ടാക്സ് ഇളവുകൾ, പല വിധത്തിലുള്ള നൂലാമാലകൾ പിടിച്ച ഗവൺമെന്റ് ഓർഡറുകൾ എന്നിവയ്ക്കെല്ലാം പരിഹാരം കാണാൻകഴിഞ്ഞു. 2008–09 കാലയളവിൽ150 പുതിയ അംഗങ്ങളെയും 2009–2010 കാലയളവിൽ 91 പുതിയ അംഗങ്ങളെയും അസോസിയേഷനിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു.

അസോസിയേഷന്റെ മുഖപത്രമായ 'വ്യവസായനാദം' എല്ലാ മാസവും ഏറെ പുതുമകളോടെ കൃത്യമായി പുറത്തിറക്കാൻ സാധിച്ചു.

2009 ഏപ്രിൽ 29–ാം തീയതി യൂണിയൻ ബാങ്കുമായും ജൂൺ 24–ാം തീയതി ബാങ്ക് ഓഫ് ബറോഡയുമായും സഹകരിച്ച് അസോസിയേഷൻ സെമിനാറുകൾ നടത്തി. 2009 ജൂലൈ 24–ാം തിയതി കാഞ്ഞിരപ്പള്ളി താലൂക്ക് കമ്മറ്റി നിലവിൽ വന്നു. ഏകദേശം 150 ഓളം പുതിയ യൂണിറ്റുകൾ സംബന്ധിച്ചിരുന്നു. ജിജി നിക്കോളാസ് കൺവീനറായും നാസർ സെക്രട്ടറിയായും വളരെ ഭംഗിയായി കമ്മറ്റിയുടെ പ്രവർത്തനം നടന്നുവരുന്നു.

സോഷ്യൽ സെക്യൂരിറ്റി സ്കീമിലേക്ക് കൂടുതൽ അംഗങ്ങളെ ചേർത്ത് സംസ്ഥാനത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞതും തിളക്കമാർന്ന മറ്റൊരു നേട്ടമായി. വളരെ ചാരിതാർത്ഥ്യത്തോടെ കഴിഞ്ഞ രണ്ടു വർഷങ്ങൾ കമ്മറ്റിയോടും നിങ്ങൾക്കൊപ്പവും നിന്നുകൊണ്ട് അസോസിയേഷന്റെ പ്രവർത്തനങ്ങൾ ഏറെ കാര്യക്ഷമതയോടെ ചെയ്യാൻ സാധിച്ചെന്ന് വിശ്വസിച്ചുകൊണ്ട്,

**ഡോ. ജോർജ് പി. തോമസ് പെരിഞ്ചേരിൽ**
**പ്രസിഡന്റ്, കെ. എസ്. എസ്. ഐ. എ. കോട്ടയം**

**സോഷ്യൽ സെക്യൂരിറ്റി പദ്ധതിയിൽ അംഗമാകൂ, സുരക്ഷിതത്വം ഉറപ്പാക്കൂ...**

# കമ്പനി കേസ്: ട്രൈബ്യൂണലുകൾക്ക് സുപ്രീംകോടതി അനുമതി

കമ്പനി സംബന്ധമായ കേസുകൾ വേഗം തീർപ്പാക്കുന്നതിനു ദേശീയ കമ്പനി നിയമ ട്രൈബ്യൂണലും ദേശീയ കമ്പനി അപ്പലേറ്റ് ട്രൈബ്യൂണലും രൂപീകരിക്കാൻ നിർദേശിക്കുന്ന 2002ലെ കമ്പനി നിയമ ഭേദഗതിയുടെ സാധുതസുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് നിർണായക വിധിയിലൂടെ ശരിവച്ചിരിക്കുകയാണ്.



ഇതോടെ വിവിധ ഹൈക്കോടതികളിലായി കെട്ടിക്കിടക്കുന്ന കമ്പനി സംബന്ധമായ കേസുകൾ ട്രൈബ്യൂണലുകൾക്കു കൈമാറാൻ വഴിയൊരുങ്ങിയിരിക്കുന്നു. ഭരണഘടനയുടെ 226,227 വകുപ്പുകൾ നൽകിയ നിയമപരമായ പരിശോധനാ അധികാരം ഒഴിവാക്കിയാൽ ഇതുവരെയുള്ള കേസുകളിൽ ഹൈക്കോടതികൾ നടത്തിയ വിധികൾ ട്രൈബ്യൂണലുകൾക്കു കൈമാറാമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ കമ്പനി ലോ ബോർഡ്, കമ്പനി പുനരുദ്ധാരണ സഹായബോർഡ് എന്നിവയുടെ മുമ്പാകെയുള്ള കമ്പനി സംബന്ധമായ എല്ലാ കാര്യങ്ങളും ട്രൈബ്യൂണലുകൾക്കു കൈമാറാനും നിർദേശിച്ചിട്ടുണ്ട്.

ലാഭകരമല്ലാത്ത ബിസിനസ് സ്ഥാപനങ്ങളുടെയും സ്വത്തുവകകളുടെയും പ്രവർത്തനം അവസാനിപ്പിച്ച് അടച്ചുപൂട്ടുന്നതിന് ഇന്ത്യയെപ്പോലെ വളർന്നുവരുന്ന ഒരു സാമ്പത്തിക ശക്തിക്കുമുന്നിൽ ഇതുവരെ വ്യക്തമായ മാർഗങ്ങളില്ലായിരുന്നു.

ഇതു സംബന്ധിച്ച കേസുകൾ അനന്തമായി നീളുന്നതു കാരണം ഇവ നശിച്ചുപോകുന്ന സ്ഥിതിയായിരുന്നു. എന്നാൽ സുപ്രീം കോടതിയുടെ വിധി ഇതിന് മാറ്റംവരുത്തുമെന്ന് നിരീക്ഷകർ പറയുന്നു.

ട്രൈബ്യൂണൽ അംഗങ്ങളായി ബ്യൂറോക്രാറ്റുകളെ നിയമിക്കരുതെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

ഇവരെ വേണമെങ്കിൽ ട്രൈബ്യൂണലുകളുടെ സാങ്കേതിക അംഗങ്ങളായി നിയമിക്കാമെന്നാണ് നിർദ്ദേശം.

കേന്ദ്രസർക്കാരും മദ്രാസ് ബാർ അസോസിയേഷനും നൽകിയ അപ്പീലിലൊണു വിധി. 1956 ലെ കമ്പനികാര്യനിയമം ഭേദഗതി ചെയ്തു ട്രൈബ്യൂണലുകൾ രൂപികരിക്കാനുള്ള തീരുമാനം ഭരണഘടനാ വിരുദ്ധമാണെന്ന മദ്രാസ് ഹൈക്കോടതി വിധിക്കെതിരെയായിരുന്നു അപ്പീൽ.

കേസ് ആദ്യം പരിഗണിച്ച മൂന്നംഗബഞ്ച് വിഷയം ഭരണഘടനാ ബഞ്ചിന്റെ പരിഗണനയ്ക്കു വിടുകയായിരുന്നു.

അപ്പീലിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ നിയമ സംവിധാനത്തിന്റെ സ്വാതന്ത്ര്യത്തിനും ഘടനയ്ക്കും വളരെ ഗൗരവമേറിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നവയാണെന്ന് മൂന്നംഗ ബെഞ്ച് ചൂണ്ടിക്കാട്ടിയിരുന്നു.

# ഗ്രാൻഡ് കേരള ഉത്സവമാക്കാൻ നികുതി ഇളവും പരിഗണനയിൽ

കൊച്ചി: ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നാലാമത് സീസൺ വൻ വിജയമാക്കുന്നതിന് നികുതി ഇളവുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വ്യപാര സമൂഹത്തിന് നൽകാൻ സർക്കാർ ആലോചിക്കുകയാണ്.

ഗ്രാൻഡ് കേരളയുടെ സാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്തി സംസ്ഥാനത്തിന് പുറത്തുനിന്നും ഉപഭോക്താക്കളെ ആകർഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഫെസ്റ്റിവൽ കാലയളവിൽ നികുതി ഇളവുകൾ ലഭ്യമാക്കണമെന്നനിർദ്ദേശമാണ് സർക്കാരിന് മുന്നിലുള്ളത്.

ഡിസംബർ ഒന്നു മുതൽ 2011 ജനുവരി 15 വരെയുള്ള കാലയളവിൽ ഫെസ്റ്റിവലിൽ പങ്കെടുക്കുന്ന ഗോൾഡ് പാർട്ണേഴ്സിന്റെ സ്ഥാപനങ്ങളിൽനിന്നും ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഷോപ്പിംഗ് നടത്തുന്ന മറുനാടൻ സഞ്ചാരികൾക്ക് മാത്രം നികുതി ഇളവ് നൽകാനാണ് ആലോചന.

ഇതു സംബന്ധിച്ച നിർദ്ദേശം ധനവകുപ്പിന് നൽയിട്ടുണ്ടെങ്കിലും ഔദ്യോഗിക തീരുമാനമെടുത്തില്ല.

കേരളത്തെ രാജ്യാന്തര തലത്തിലെ പ്രധാന ഷോപ്പിംഗ് കേന്ദ്രമായി ഉയർത്തുന്നിന് ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് ആലോചനയിലുള്ളത്. ലോകത്തിലെ പ്രധാന വ്യാപാര കേന്ദ്രങ്ങളായ ദുബായ്, സിംഗപ്പൂർ എന്നിവയോടൊപ്പം കേരളത്തെയും എത്തിക്കുകയാണ് ലക്ഷ്യം.

ഇന്ത്യയുടെ സാമ്പത്തിക വളർച്ചാ നിരക്ക് പത്ത് ശതമാനമായി ഉയരുമ്പോൾ വ്യാപാര കേന്ദ്രമെന്ന നിലയിൽ കേരളത്തിന് ഏറെ നേട്ടമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീഷ.

ഗ്രാൻഡ് കേരളയുടെ അടുത്ത സീസണിന്റെ വിജയം ഉറപ്പുവരുത്തുന്നതിനായി വ്യാപാരി വ്യവസായികളുടെയും മാനേജ്മെന്റ് വിദഗ്ധരുടെയും കൂട്ടായ്മകൾ തുടർപരമ്പരകളായി നടന്നുകൊണ്ടിരിക്കുന്നു.

ഷോപ്പിംഗ് ഫെസ്റ്റിവൽ കാലയളവിൽ സംസ്ഥാനത്ത് മികച്ച വ്യാപാര കുതിപ്പാണുണ്ടാകുന്നതെന്നാണ് ഇതിനോടനുബന്ധിച്ച് സാമ്പത്തിക വിദഗ്ധർ തയ്യാറാക്കിയ പഠന റിപ്പോർട്ട് വ്യക്തമാക്കുന്നത്.

# റബർ ഉൽപാദക രാജ്യസമ്മേളനം കൊച്ചിയിൽ




കാലലംപൂർ (മലേഷ്യ): റബർ ഉൽപാദക രാജ്യങ്ങളുടെ സംഘടനയായ (അസോസിയേഷൻ ഓഫ് നാച്ചുറൽ റബർ പ്രൊഡ്യൂസിംഗ് കൺട്രീസ്) എഎൻആർപിസിയുടെ 33-ാം വാർഷിക സമ്മേളനം ഒക്ടോബർ ആദ്യം കൊച്ചിയിൽ നടക്കും. 1970 ൽ സ്ഥാപിതമായ സംഘടനയിൽ ഫിലിപ്പീൻസ്, ഇന്തൊനീഷ്യ, മലേഷ്യ, ശ്രീലങ്ക, തായ്ലൻഡ്, വിയറ്റ്നാം, ഇന്ത്യ, പാപ്പുവ ന്യൂഗിനിയ, സിംഗപ്പൂർ, ചൈന, കംബോഡിയ എന്നിവയാണ് അംഗങ്ങൾ.



# മൈക്രോസോഫ്റ്റ് ഓഫീസ് 2010 പുറത്തിറങ്ങി

ബാംഗളൂർ: മൈക്രോസോഫ്റ്റ് കോർപ്പറേഷൻ ബിസിനസ് ഉപയോക്താക്കൾക്കു വേണ്ടി ഓഫീസ് 2010, ഷെയർ പോയിന്റ് 2010, വിഷ്യോ 2010, പ്രോജക്ട് 2010 എന്നിവ പുറത്തിറക്കി.

പേഴ്സണൽ കംപ്യൂട്ടർ, വെബ്, മൊബൈൽഫോൺ എന്നിവയിലൂടെ ലോകമെങ്ങുമുള്ള ബിസിനസുകാർക്കു ഈ ഉത്പന്നങ്ങളുടെ സേവനം വിനിയോഗിക്കാമെന്നു കമ്പനി പറയുന്നു.

# വിൻഡോസ് 2000, എക്സ്പി സപ്പോർട്ട് മൈക്രോസോഫ്റ്റ് നിർത്തുന്നു

ന്യൂഡൽഹി: വിൻഡോസ് 2000, എക്സ്പി എന്നിവയ്ക്കു നൽകിവരുന്ന സപ്പോർട്ട് വരുന്ന ജൂലൈ 13 മുതൽ നിർത്താൻ മൈക്രോസോഫ്റ്റ് തീരുമാനിച്ചു.

പെയ്ഡ് സപ്പോർട്ട്, സപ്പോർട്ട് അസിസ്റ്റൻസ്, സെക്യൂരിറ്റീഅപ്ഡേറ്റ് തുടങ്ങിയവ ജൂലൈ മുതൽ ലഭിക്കില്ല. എന്നാൽ മൈക്രോസോഫ്റ്റ് ഓൺലൈൻ നോളജ്ബേസ് ആർട്ടിക്കിൾ, എഫ്എക്യു, ട്രബിൾഷൂട്ടിംഗ് ടൂൾ എന്നിവയ്ക്കു ഒരുവർത്തേക്കു കൂടി ഓൺലൈൻ സപ്പോർട്ട് ലഭിക്കും.

മറ്റ് ഉത്പന്നങ്ങൾക്ക് അഞ്ചുവർഷമായി നൽകിവരുന്ന സപ്പോർട്ട് അടുത്ത അഞ്ചു വർഷത്തേക്കു കൂടി നീട്ടിയിട്ടുണ്ട്.

# എടിഎമ്മിൽ നിന്ന് ഒരു ലക്ഷം രൂപ വരെ പിൻവലിക്കാനാകും

ന്യൂഡൽഹി: ഇനി മുതൽ ഉപഭോക്താക്കൾക്ക് വലിയ ഇടപാടുകൾക്കായി ബാങ്കിംഗ് സമയങ്ങളിൽ ബാങ്കുകൾ കയറിയിറങ്ങി അലയേണ്ടി വരില്ല.

ഉടനെ തന്നെ എടിഎമ്മിൽ നിന്ന് ഇടപാടുകാർക്ക് ഒറ്റ ദിവസം ഒരു ലക്ഷം രൂപ വരെ പിൻവലിക്കാനാകും. ഇതിനോടൊപ്പം ഡെബിറ്റ് കാർഡ് ഉപയോഗിച്ച് 1.25 ലക്ഷം രൂപയുടെ വരെ ഷോപ്പിംഗ് നടത്താനുള്ള സൗകര്യവും ലഭ്യമാകും. ഒറ്റ ദിവസം എടിഎമ്മുകളിലൂടെ മറ്റ് അക്കൗണ്ടിലേക്ക് മൂന്നു ലക്ഷം രൂപ വരെ കൈമാറ്റം ചെയ്യാനുള്ള സൗകര്യമൊരുക്കുന്നതും പരിഗണനയിലാണ്.

നിലവിൽ ചില ബാങ്കുകളുടെ ഇടപാടുകാർക്ക് ഒറ്റ ദിവസം എടിഎമ്മിലൂടെ പിൻവലിക്കാവുന്ന പരമാവധി തുക 50,000 രൂപയാണ്.

# വീണ്ടും ഭക്ഷ്യ നാണ്യപ്പെരുപ്പം

ന്യൂഡൽഹി: മേയ് ഒന്നിനു അവസാനിച്ച ആഴ്ചയിൽ രാജ്യത്ത് വീണ്ടും ഭക്ഷ്യ വിലക്കയറ്റമെന്നു സൂചന. 16.44 ശതമാനമാണു കഴിഞ്ഞ ആഴ്ചയിലെ ഭക്ഷ്യനാണയപ്പെരുപ്പം. തൊട്ടുമുൻ ആഴ്ചയിലേക്കാൾ 0.40 ശതമാനം കൂടുതലാണ്. ഭക്ഷ്യവില സൂചികയിൽ 2.9 ശതമാനത്തിന്റെ വർധനയാണു സൂചിപ്പിച്ചിരിക്കുന്നത്.

ഭക്ഷ്യനാണയപ്പെരുപ്പത്തിന്റെ വാർഷിക സൂചിക, പോയിന്റ് അടിസ്ഥാനത്തിൽ 16.76 ശതമായിട്ടുണ്ട്. തേയില, പഴവർഗങ്ങൾ, ഉൾനാടൻ മത്സ്യം, പരിപ്പ്, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ വിലയിൽ ഉണ്ടായ വർധനയാണു സൂചിക ഉയരാൻ ഇടയാക്കിയത്.

# വീസ ഇളവ് ഐടി മേഖലയ്ക്കു ഗുണകരമാകുമെന്ന് സൂചന

കൊച്ചി: ഇന്ത്യൻ ഐടി മേഖലയിൽ വിദേശത്തു നിന്നുള്ളവർക്ക് പ്രവർത്തിക്കാൻ കഴിയുന്ന തരത്തിൽ വീസ ചട്ടങ്ങളിൽ കേന്ദ്ര സർക്കാർ ഇളവുകൾ പ്രഖ്യാപിച്ചത് കേരളമുൾപ്പെടെയുള്ളവയുടെ ഐടി മേഖലയിൽ വൻ കുതിച്ചുചാട്ടത്തിന് അവസരമൊരുക്കും.

അതിവിദഗ്ധരായ സാങ്കേതിക വിദഗ്ധരെ മാത്രം ഇന്ത്യയിലേക്ക് എത്തിച്ച് അതുവഴി രാജ്യത്തിന്റെ സാങ്കേതിക മേഖലയിൽ അടിസ്ഥാനപരമായ വികസനമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് വീസ ചട്ടങ്ങളിൽ വൻ ഇളവുകൾ അനുവദിച്ചിരിക്കുന്നത്. എംപ്ലോയ്മെന്റ് വീസ ചട്ടങ്ങളിലാണ് ഇതേ ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

വിദേശ കാര്യ വകുപ്പ് ഇതു സംബന്ധിച്ച് സർക്കുലറുകൾ പുറത്തിറക്കുകയും അത് വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ മിഷനുകളിലേക്ക് ഇത് കൈമാറുകയും ചെയ്തിട്ടണ്ട്.

ഇന്ത്യയിലേക്ക് ജോലിക്കായി കടന്നുവരുന്ന വിദേശ സാങ്കേതിക വിദഗ്ധനെ സ്പോൺസർ ചെയ്യുന്ന ഇന്ത്യൻ കമ്പനികൾ ഐടി, ഐടി അധിഷ്ഠിത മേഖലകളിലേക്കോ പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ സോഫ്റ്റ്വേർ മേഖലയിലേക്കോ മൾട്ടി പ്രോഡക്റ്റ് ഐടി സോൺ അല്ലെങ്കിൽ സോഫ്റ്റ്വേർ ടെക്നോളജി പാർക്ക് എന്നിവിടങ്ങളിൽ എവിടെയെങ്കിലുമാണ് പ്രസ്തുത വ്യക്തി ജോലിക്കെത്തുന്നതെന്ന സത്യവാങ്മൂലം സമർപ്പിക്കണം.

മാത്രമല്ല , വിവര സാങ്കേതിക മേഖലയിൽ ഇന്ത്യയിൽ തൊഴിലിനായി എത്തുന്നയാൾ തനിക്ക് പ്രതിവർഷം 25,000 യുഎസ് ഡോളറിനു മേൽ ഇന്ത്യൻ കമ്പനി ശമ്പളമായി നിശ്ചയിച്ചിട്ടുണ്ടെന്ന് സത്യവാങ്മൂലം സമർപ്പിക്കണം. ഉയർന്ന സാങ്കേതിക പരിജ്ഞാനമുള്ളയാളുകളെ മാത്രം ഇന്ത്യൻ കമ്പനികളിലേക്കെത്തിക്കുക എന്ന ലക്ഷ്യമാണ് ഇത്രയുയർന്ന ശമ്പളമുള്ളയാളെയാണ് ഇന്ത്യൻ കമ്പനിയിൽ നിയമിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കുക വഴി ഇന്ത്യ മുന്നിൽക്കണ്ടിരിക്കുന്നത്.

മുൻവർഷം കേന്ദ്ര തൊഴിൽ മന്ത്രാലയം ആഭ്യന്തര മന്ത്രാ ലയത്തിന്റെ അനുമതിയോടെ തൊഴിൽ വീസ ചട്ടങ്ങളിൽ ഇളവുകൾ അനുവദിച്ചപ്പോൾ അതിനെ അവസരമായി കണ്ട ചൈനീസ് കോൺട്രാക്ടർമാർ അവിദഗ്ധ തൊഴിലാളികളുൾപ്പെടെ ആയിരക്കണക്കിനാളുകളെയാണ് ഇന്ത്യയിലേക്ക് കയറ്റിയയച്ചത്.

ഇക്കാരണത്താൽ തന്നെ ഇക്കുറി വീസാ ചട്ടങ്ങളിൽ ഇളവനുവദിക്കുമ്പോൾ തന്നെ ഗുണനിലവാരമുറപ്പു വരുത്തുകയെന്ന കർശന നിയന്ത്രണവും ഇതിനു പിന്നിലുണ്ട്.

ഇക്കുറി ഇതുകൊണ്ടുതന്നെ 20 വീസകൾ മാത്രമാണ് ഇത്തരത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. കൂടുതലായി വേണ്ടി വരുകയാണെങ്കിൽ തൊഴിൽ ദാതാവ് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ പ്രത്യേക അനുമതി നേടിയിരിക്കണമെന്നും നിർദേശമുണ്ട്.

# ഈ വർഷത്തെ ലക്ഷ്യം 1.2 ലക്ഷം കോടിയുടെ ഓഹരി വിൽപ്പന




നടപ്പുസാമ്പത്തിക വർഷം ഇന്ത്യയിലെ പൊതു മേഖലാ സ്ഥാപനങ്ങളും സ്വകാര്യ കമ്പനികളും ചേർന്ന് ലക്ഷ്യമിടുന്നത് 1.2 ലക്ഷം കോടി രൂപയുടെ പ്രാരംഭ ഓഹരി വിൽപ്പനയാണ്.

ബിസിനസ് വികസിപ്പിക്കുന്നതിനുള്ള പണം സമാഹരിക്കുന്നതിന് ഇത്രയേറെ ഓഹരികൾ പുറത്തിറക്കുന്നത് സാമ്പത്തിക മേഖലയ്ക്ക് ഏറെ ഗുണകരമാകുമെന്നാണ് വിലയിരുത്തുന്നത്.

കേന്ദ്രസർക്കാർമാത്രം പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന വഴി 40,000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

രാജ്യത്തെ മുൻനിര സ്വകാര്യ കമ്പനികളും ഓഹരി വിൽപ്പന വഴി 40,000 കോടി രൂപയാണ് ഈ വർഷം നേടാൻ ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം ക്വാളിഫൈഡ് ഇൻസ്റ്റിറ്റ്യൂഷൻ പ്ളേസ്മെന്റ് വഴി 40,000 കോടി രൂപയുടെ ഓഹരികൾ വിൽക്കാനും സ്വകാര്യ കമ്പനികൾ ലക്ഷ്യമിടുന്നു. ഇന്ത്യൻ കമ്പനികളുടെ ഓഹരികൾ വാങ്ങാൻ നിരവധി വിദേശ ധനകാര്യസ്ഥാപനങ്ങൾ താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ മാർഗങ്ങളിലെ ഓഹരി വിൽപ്പനയിലൂടെ സർക്കാരും സ്വകാര്യ നിക്ഷേപകരും ചേർന്ന് ഒരു ലക്ഷം കോടിരൂപയാണ് വിപണിയിൽനിന്ന് സമാഹരിച്ചത്.

# റബർ ഉപയോഗത്തിൽ ഇന്ത്യ രണ്ടാമത്




പ്രകൃതിദത്ത റബർ ഉപയോഗത്തിൽ ഇന്ത്യ ലോകത്ത് രണ്ടാം സ്ഥാനത്തെത്തിയതായി റബർബോർഡ് ചെയർമാൻ സാജൻ പീറ്റർ.

റബർബോർഡിന്റെ 162-ാമത് യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു സാജൻ പീറ്റർ. ഇതുവരെ രണ്ടാം സ്ഥാനത്തായിരുന്ന യുഎസിലെ ഉപയോഗം സാമ്പത്തിക മാന്ദ്യം മൂലം 34 ശതമാനം കുറഞ്ഞതിനെത്തുടർന്നാണ് ഇന്ത്യ രണ്ടാം സ്ഥാനത്തെയ്ക്ക് ഉയർന്നത്.



മാന്ദ്യത്തിന്റെ നിഴലിലും ഇന്ത്യയിലെ റബർ ഉപയോഗമേഖല 2009-10 ൽ മുൻ വർഷത്തെ അപേക്ഷിച്ച് 6.8 ശതമാനം വളർച്ച നേടി.

കഴിഞ്ഞ സാമ്പത്തിക വർഷം ഓട്ടോമോട്ടീവ് ടയർ മേഖലയിലെ റബർ ഉപയോഗത്തിൽ 13.5 ശതമാനം വളർച്ച രേഖപ്പെടുത്തി. 2008-09 ൽ ഇത് 2.5 ശതമാനം മാത്രമായിരുന്നു. ചെയർമാൻ പറഞ്ഞു. റബറുത്പാദനത്തിൽ മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2009-10 ൽ 3.8 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

പ്രതികൂല കാലാവസ്ഥയും മൊത്തം വിസ്തൃതിയിൽ പ്രായം ചെന്ന തോട്ടങ്ങളുടെ ശതമാനം വർധിച്ചതുമാണ് ഈ ഉത്പാദനക്കുറവിന് കാരണം.

2010-ൽ ഉത്പാദനത്തിൽ വൻ വർധന പ്രതീക്ഷിക്കുന്നു.

ഈ വർഷം ഏപ്രിൽ-മെയ് മാസത്തിൽ തന്നെ 2009 ഏപ്രിൽ-മെയ് മാസത്തെ അപേക്ഷിച്ച് 15.5 ശതമാനം ഉത്പാദന വളർച്ച ഉണ്ടായി. 2010-11 ൽ ഉത്പാദനം ഉപയോഗത്തെക്കാൾ 85,000 ടൺ കുറവാകുമെന്ന് കണക്കുകൂട്ടുന്നു.

എങ്കിലും 2,48,457 ടൺ ഓപ്പണിംഗ് സ്റ്റോക്ക് ഉള്ളതിനാൽ ആ ഭ്യന്തര വിപണിയിൽ റബറിന്റെ ലഭ്യയ്ക്ക് കുറവൊ ന്നും ഉണ്ടാവുകയില്ല.

ചൈനീസ് ടയറുകളുടെ ക്രമാതീതമായ ഇറക്കുമതി റബർ മേഖലയ്ക്കു ദോഷകരമാണന്നും ചൈനയിൽനിന്നും തായ്ലണ്ടിൽനിന്നുമുള്ള റേഡിയൽ ട്രക്ക്-ബസ് ടയറുകളുടെ ഇറക്കുമതിയ്ക്ക് 2010 ഫെബ്രുവരി മുതൽ ആന്റി ഡംപിങ് ഡ്യൂട്ടി ചുമത്തിയിട്ടുണ്ടന്നും അദ്ദേഹം പറഞ്ഞു.

## BUBBLES

### ഡിടിസി: നികുതി ഘടനയിൽ മാറ്റം വന്നേക്കുമെന്ന് സൂചന

ന്യൂഡൽഹി: പ്രതിവർഷം 10 ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ളവർക്ക് നിർദേശിക്കപ്പെട്ട ആദായനികുതി ആനുകൂല്യം നഷ്ടപ്പെടാൻ സാധ്യത.

10 ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് 20% നികുതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ പ്രത്യക്ഷ നികുതി കോഡ് (ഡിടിസി) വരുന്നതോടെ 10 ലക്ഷം രൂപയ്ക്കു മുകളിൽ വരുമാനമുള്ളവർ 30% നികുതി നൽകേണ്ടിവന്നേക്കും.

ഇപ്പോൾ ഈ വിഭാഗം ആളുകൾ നൽകുന്ന ആനുകൂല്യം മറ്റു മേഖലകളിൽ ഉപയോഗിക്കുന്നതിനായാണ് നികുതി ഘടനയിൽ മാറ്റം നിർദേശിക്കുന്നത്. 10 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് കരട് രേഖയിൽ 10% നികുതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത് അഞ്ചു ലക്ഷമാക്കി കുറച്ചേക്കുമെന്നാണ് സൂചന.

അഞ്ചു മുതൽ 10 ലക്ഷം വരെ രൂപയ്ക്ക് 20% നികുതിയും നിർദ്ദേശിച്ചേക്കാം. ഡിടിസി നിലവിൽ വരുന്നതോടെ 1961 ലെ ആദായനികുതി ആക്ട് ഇല്ലാതാകും.

### കയറിന്റെ ആഭ്യന്തര വിപണി വിപുലീകരിക്കാൻ പദ്ധതി

കൊച്ചി: കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണി മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് കയർ ബോർഡ് ദേശീയതലത്തിൽ വിപുലമായ പരിപാടികൾ 'കയർ വർഷം 2010' ൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

സൂഷ്മ, ചെറുകിട, ഇടത്തരം സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചതോടെ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണിലെ പങ്കാളിത്തം വർധിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

പരിസ്ഥിതി സൗഹൃദപരമായ കയറും കയർ ഉൽപ്പന്നങ്ങളും തറയിൽ വിരിക്കുന്നതിനും തടിയുൽപ്പന്നങ്ങൾക്ക് പകരം കയർ ഉപയോഗിക്കുന്നതിനും പ്രോത്സാഹനവും നൽകും.



# വ്യവസായികളുടെ ക്ഷേമം ലക്ഷ്യമാക്കുന്ന പദ്ധതികൾ




ചെറുകിട വ്യവസായികളുടെ സാമൂഹ്യക്ഷേമ പദ്ധതിയിലേയ്ക്കുള്ള സർക്കാർ സംഭാവനയായ ഒരു കോടി രൂപ സംസ്ഥാന ധനകാര്യ മന്ത്രി ശ്രീ തോമസ് ഐസക് ഔദ്യോഗികമായി തിരുവനന്തപുരത്ത് മാസ്കോട്ട് ഹോട്ടലിൽ നടന്ന ചടങ്ങിൽ വ്യവസായ മന്ത്രി ശ്രീ എളമരം കരീമിന് കൈമാറി.

വ്യവസായികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കൂടുതൽ സഹകരണം സംസ്ഥാന സർക്കാരിൽനിന്ന് നമുക്ക് പ്രതീക്ഷിക്കാം. പ്രസ്തുത ചടങ്ങിൽ കോട്ടയത്തുനിന്ന് പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. പെൻഷൻ പദ്ധതി പോലെയുള്ള മറ്റ് സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പാക്കാൻ വ്യവസായ വകുപ്പ് തയാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. കെ.എഫ്.സിയും മറ്റ് ധനകാര്യ സ്ഥാപനങ്ങളും കുറഞ്ഞ പലിശനിരക്കിൽ വ്യവസായങ്ങൾക്ക് ഈടുരഹിത വായ്പ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടങ്കിലും ക്രിയാത്മകമായി വ്യാപകമായി ഇത് നടപ്പിലാക്കണമെന്ന് അസോസിയേഷൻ ആവശ്യപ്പെടുന്നു. ഇതിലേക്ക് ധനകാര്യ സ്ഥാപനങ്ങളുടെ സമീപനത്തിലും വ്യവസ്ഥകളിലും കാര്യമായ മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

2008 -2010 ലെ കെ..എസ്.എസ്.ഐ.എ യുടെ ഭരണ കാലാവധി ജൂൺ മാസം കൊണ്ട് അവസാനിക്കുകയാണ്. 2010-12 ജില്ലാ കമ്മറ്റിയിലേക്കും ജനറൽ കൗൺസിലേക്കുമുള്ള തെരഞ്ഞെടുപ്പിന് ജൂൺ 30 വരെ നാമനിർദ്ദേശപത്രികൾ സമർപ്പിക്കാനുള്ള അവസരമുണ്ട്.

ജൂൺ 30 അഞ്ച് പി.എം ആണ് സമർപ്പണത്തിനുള്ള സമയപരിധി. ജൂൺ 30-ാം തീയതി വൈകുന്നേരം 5.30 ന് ശേഷം പത്രികകൾ പരിശോധിച്ച് യോഗ്യത തീർപ്പ് കല്പിക്കുന്നതാണ്. ജൂലൈ അഞ്ചാം തീയതി വരെ പത്രികകൾ പിൻവലിക്കാനുള്ള അവസരം ഉണ്ട്.

ജൂലൈ 27 ന് ഇലക്ഷൻ നടത്താൻ തീരുമാനം ആയിട്ടുണ്ട്. അസോസിയേഷന്റെ ഭരണ പ്രവർത്തനവിജയത്തിന് ആവശ്യമായ സാരഥികളെ തെരഞ്ഞെടുക്കുവാനുള്ള അവസരം ശരിയായ രീതിയിൽ വിവേചനാധികാരത്തോടെ ഉപയോഗിക്കണമെന്ന് എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. ഈ തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനും മറ്റ് പ്രവർത്തനങ്ങൾക്കും എല്ലാ അംഗങ്ങളുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

**എബ്രഹാം കുറിയാക്കോസ്**
**സെക്രട്ടറി, കെ. എസ്. എസ്. ഐ. എ.**
**കോട്ടയം**

# ബി എം ഡബ്ലിയു 5 – സീരിസ്




മുപ്പത്തിയെട്ട് വർഷം മുമ്പ് 1972ൽ ജർമൻ വാഹന നിർമാണ കമ്പനിയായ ബിഎം ഡബ്ലിയു ഒരു പുതിയ കാർ പുറത്തിറക്കി. 5 സീരീസ് പിന്നീടിതുവരെ നിരവധി വർഷങ്ങളിലായി 5 സീരീസിന് അഞ്ച് ജന്മങ്ങളുണ്ടായി.

ഒടുവിൽ അതിന്റെ ആറാം തലമുറയിൽപ്പെട്ട മോഡൽ ഇന്ത്യയിൽ അടു ത്തയിടെ പുറത്തിറങ്ങി.

അഞ്ച് തലമുറകളിലായി മാത്രം പുറത്തിറക്കപ്പെട്ട ബിഎംഡബ്ലിയു 5 സീരീസ് അൻപത്തഞ്ച്ലക്ഷം കാറുകൾ ലോകത്തിലാകമാനം വിറ്റഴിച്ചിട്ടുണ്ട്.

വിലപിടിപ്പുള്ള കാറുകളായിട്ടും കൂടി ഇത്ര വിൽക്കപ്പെടുന്ന മോഡൽ 5 സീരീസ് അല്ലാതെ മറ്റൊന്നില്ല.

തുടക്കംതൊട്ട് പലവിധ കണ്ടെത്തലുകളുടെയും സങ്കേതികതകളുടെയും അവതരണങ്ങളുടെയും അവകാശികൾ എന്ന പെരുമയും ബിഎംഡബ്ലിയുവും 5 സീരിസും നേടിയെടുത്തിട്ടുണ്ട്.

നാല്ഡോർ മിഡ്റേഞ്ച് സലൂൺ, നാല്ഡോർ നൊച്ച് ബാക്ക്, മുന്നിൽ നീളത്തിൽ ഘടിപ്പിച്ച എൻജിൻ, പിൻ വീലിലെ ഡ്രൈവിങ് സിസ്റ്റം അസാമാന്യ മികവുള്ള സസ്പെൻഷൻ സംവിധാനം എന്നിവയൊക്കെ മികവുകളിൽ ചിലത് മാത്രം.

പുതിയ 5സീരിസ് മോഡലിന്റെ ശരീരത്തിന് 7 സീരിസിന്റെ സ്വാധീനമുണ്ട്. പ്രകടമായ സൗന്ദര്യവും ഗാംഭീര്യവുമുള്ള പുതിയ 5 സീരിസിന് സാങ്കേതികയിലും ആഡംബരങ്ങളിലും സുരക്ഷിതത്വത്തിലുമെല്ലാം ഏറെ പുരോഗതിയുമുണ്ട്.

2007 മുതൽ ഇന്ത്യയിൽ ഇതുവരെ 3600 ഓളം 5 സീരിസുകളാണ് വിൽക്കപ്പെട്ടിട്ടുള്ളത്.

ഇതിൽനിന്നും ഒരു വളർച്ചയാണ് പുതിയ 5 സീരിസിലൂടെ ബിഎംഡബ്ലിയു പ്രതീക്ഷിക്കുന്നത്.

രണ്ട് പെട്രോൾ മോഡലുകളും രണ്ട് ഡീസൽ മോഡലുകളുമായി നാല് മോഡലുകളാണ് 5 സീരീസിൽ ബിഎംഡബ്ലിയു ഇന്ത്യയിൽ അവതരിപ്പിക്കുന്നത്. 535 ഐ, 523 ഐ എന്നീ പെട്രോൾ മോഡലുകളും 530 ഡി, 525 ഡി എന്നിങ്ങനെ ഡീസൽ മോഡലുകളുമാണ് ഇതിനുള്ളത്.

ഇതിൽ 523 ഐ യും രണ്ട് ഡീസൽ മോഡലുകളും ഇന്ത്യയിൽ നിർമ്മിക്കപ്പെടുകയും 535 ഐ വാഹനഭാഗങ്ങളായി വിദേശത്ത്നിന്ന് ഇറക്കുമതി ചെയ്യപ്പെടുകയുമാണ്.




ഇന്ത്യയിൽ നിർമിക്കപ്പെടുന്ന മോഡലുകൾക്ക് എക്സ് ഷോറൂം വില 38,90,000 മുതൽ 45,90,000 വരെയാണ്. ഇറക്കുമതി ചെയ്യപ്പെടുന്ന മോഡലിന് 58,000,00 രൂപയും.



Shri V. Arumugam, Zonal General Manager Addressing KSSIA Members at Kottayam On 30th April 2010

# REPORT ON THE SEMINAR / MEETING AT KSSIA KOTTAYAM ON 30th APRIL

**ON** 30th April 2010, NSIC, NBDEO, Kottayam in association with KSSIA, Kottayam conducted a Seminar cum Meeting on the occasion of welcoming NSICs new Zonal General Manager (S-III) who has taken over charge of Zonal Office, Cochin, Kerala. On this auspicious occasion KSSIA invited Shri V. Arumugam, Zonal General Manager (S-III) alongwith Sh. JVRK Sarma, Senior Branch Manager, Branch Office, Cochin.

The programme started with a Welcome address by Shri. Abraham Kuriakose, Secretary, KSSIA, Kottayam presided over by Shri. Dr. George P Thomas, President, KSSIA, Kottayam.

For this seminar, KSSIA invited all their committee members, who are leading small scale industrialists coming under creamy layer.

There are about 30-35 participants during the meeting including 2 women entrepreneurs and 2 Nos. SC/ST category. During the Special address, ZGM (S-III) invited all the committee members to avail the schemes of NSIC, and make use of various facilities offered by NSIC.

He also further elaborated that NSIC is now expanding their wings to various district of Kerala, for door to door service, so that MSMEs can avail the benefits at their doorsteps.

Further, he informed that NSIC shall continue to support KSSIA for their various Exhibitions conducted like INDEX 2010 recently.

Sh. JVRK Sarma, also disseminated the schemes of NSIC and told that now it is the turn of MSMEs to make maximum benefits out of it.

The Vote of thanks was given by Sh. Dr. T.C. Jacob, Vice President, KSSIA Kottayam.

While concluding the meeting, interaction from the members are overwhelming and they are very much obliged with the services of NSIC at Kottayam with the present Manager posted there.

Due to continued persuasion from the members to visit their factories, ZGM(S-III) agreed too.

On the next day i.e. on 1st May 2010 he has visited around 5 Units and out of which one institution has shown interest in availing NSICs Public Private Partnership (PPP mode) for their Fashion Technology course.

Other Units were very glad to avail our Raw Material Assistance Scheme against Bank Guarantee.



# മൺസൂൺ വിരുന്നൊരുക്കി കുട നിർമാതാക്കൾ

**TREND**

മൺസൂണിനെ വരവേൽക്കാൻ പ്രമുഖ കുടനിർമാതാക്കളെല്ലാമുണ്ടായിരുന്നു ഇത്തവണ. മഴയുടെ വരവോടെ കുട്ടികളെയും ചെറുപ്പകാരെയും സ്ത്രീകളെയും പുരുഷൻമാരെയും പ്രായമായവരെയും ലക്ഷ്യമിട്ട് നിർമിച്ച വൈവിധ്യമാർന്ന കുടകളുടെ വിൽപ്പന വിപണിയിൽ സജീവമാണിപ്പോൾ. ഒട്ടേറെ പുതുമകളുമായാണ് ഇത്തവണയും കുട വിപണി തയാറെടുക്കുന്നത്. പ്രമുഖ ബ്രാൻഡായ ജോൺസ് ഇത്തവണ കുട്ടികൾക്കായി സൂട്ടി എന്ന പറക്കുന്ന വീലുള്ള കുടകളാണ് മുഖ്യമായി അവതരിപ്പിച്ചത്. മുതിർന്നവർക്കായി ആറ്റം സിക്സ് എന്ന ആറു മടക്കിന്റെ കോംപാക് കുടയ്ക്കും ഒട്ടേറെ സവിശേഷതയുണ്ട്. പോപ്പി നാനോ കുടയ്ക്കു പുറമെ കുട്ടികൾക്കുവേണ്ടി വളയുകയും കറങ്ങുകയും ചെയ്യുന്ന ഫ്ളക്സി കുടയും വിപണിയിലിറക്കി. ക്ലാസിക്കൽ റേഞ്ചിലുള്ള കുടകളും ഫാഷൻ പ്രേമികൾക്കായുണ്ട്. സ്ട്രോബറി, ബാർബി തുടങ്ങിയ മോഡലുകൾക്കു പുറമെ കാഞ്ചീപുരം സാരിപോലെ ഡിസൈനുള്ള കുടകളും തടിയിൽ തീർത്ത നാച്ചുറൽ കുടകളുമൊക്കെ പോപ്പിയുടെ സവിശേഷതയാണ്.

ദമ്പതികൾക്കായുള്ള വെഡ്ഡിങ് കളഷനാണ് മറ്റൊരു പ്രമുഖ ബ്രാൻഡായ ലൂണാഴ്സിന്റെ ആകർഷണം. കുട്ടികൾക്കായുള്ള രണ്ടുമടക്കിന്റെ കുടകളും വെയിൽ ഏൽക്കുമ്പോൾ നിറം മാറുന്ന വെള്ളക്കുടകളും കൊളംബോയുടെ പ്രത്യേകതകൾ.കുടകൾ മഴ നനയാതിരിക്കുന്നതിനും ചൂടിനെ പ്രതിരോധിക്കുന്നതിനും വേ ണ്ടിയുള്ളത് എന്നതിനപ്പുറം ഫാഷന്റെ പ്രതീകം കൂടെയാണിന്ന്. പത്തുലക്ഷത്തോളം കുടകൾ ജൂൺ മാസത്തിൽ കേരളത്തിൽ വിറ്റുപോകുന്ന സ്ഥിതിയാണുള്ളത്. ഏതാണ്ട് നൂറ്റി അൻപത് കോടിരൂപയിലേറെ വിറ്റുവരവുള്ള കേരളത്തിലെ കുടവ്യവസായരംഗത്ത് ചെറുതും വലുതുമായി ഇരുന്നൂറോളം നിർമാതാക്കളാണുള്ളത്. കുടിൽ വ്യവസായമായി പ്രവർത്തിക്കുന്ന കുടനിർമാണരംഗത്ത് എണ്ണായിരത്തിലേറെപ്പേർ തൊഴിൽ ചെയ്യുന്നു. ഇവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്.





# ഇനി മത്സരം 3 ജി ഫോൺ വിപണിയിൽ

ത്രീജി ഓപ്പറേറ്റർമാരുടെ മത്സരം കഴിഞ്ഞു, ഇനി ഫോൺ കമ്പനികളുടെ മ്ത്സരമാണു വരാൻ പോകുന്നത്.

പുതിയ ത്രീജി മോഡലുകളുമായി കമ്പനികൾ ഓരോരുത്തരായി വിപണിയിലെത്തിക്കഴിഞ്ഞു.

കുറഞ്ഞവിലയ്ക്കു മികച്ച ഫോൺ സെറ്റാണു പലരുടെയും വാഗ്ദാനം. ഉയർന്ന നിലവാരമുള്ള വീഡിയോ ചിത്രങ്ങൾ നൽകുന്ന ഫോണുകൾക്കായിരിക്കും വിപണിയിൽ സ്ഥാനം.

പല കമ്പനികളും ത്രീജി ഫോണുകളുടെ വില നാലായിരം രൂപയിലേക്കു താഴ്ത്തിക്കഴിഞ്ഞു. നോക്കിയ 2730 നു 4119 രൂപയാണു കുറഞ്ഞ വില. സോണി എറിക്സൺ സെറ്റിന്റെ വില 6000 ൽ തുടങ്ങുന്നു. ബ്ളാക്ക്ബെറി 17,000 രൂപയിലും ആപ്പിൾ ഐഫോൺ 30,000 രൂപയിലും വില ആരംഭിക്കുന്നു. സാംസംഗ് കമ്പനി ആറു മാസത്തിനുള്ളിൽ ഏഴു പുതിയ മോഡലുകൾ കൂടി വിപണിയിലിറക്കും.

എൽ ജിക്കു ഇപ്പോൾ അഞ്ച് ത്രീജി മോഡലുകളുണ്ട്.

താമസിയാതെ പത്തു മോഡലുകൾ കൂടി വിപണിയിലെത്തും. 8000 രൂപയിൽ താഴെയുള്ള ഫോണുകൾ വിപണിയിലെത്തിക്കാനാണ് പുതുകമ്പനിയായ ഐഎൻക്യൂ മൊബൈൽ ഉദ്ദേശിക്കുന്നത്.

# കെ. എസ്. എസ്. ഐ. എ എസ്. എസ്. എൽ. സി. അവാർഡ്

ഇക്കഴിഞ്ഞ എസ് എസ് എൽ സി പരീക്ഷയ്ക്ക് കോട്ടയത്ത് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയം കൈവരിച്ച കെ. എസ്. എസ്. ഐ.എ അംഗങ്ങളുടെ മക്കൾക്കായി വർഷംതോറും നൽകുന്ന അവാർഡിന് അപേക്ഷ ക്ഷണിച്ചു. മാർക്ക് ലിസ്റ്റിന്റെ കോപ്പി സഹിതം ജൂലൈ 15 ന് മുമ്പായി അംഗങ്ങൾ ജില്ലാ ഓഫീസുമായി ബന്ധപ്പെടുക.

# സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് വായ്പാ വിതരണത്തിൽ റിക്കാർഡ്




സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് വായ്പാ വിതരണത്തിൽ റിക്കാർഡ്. 2009-10 വർഷം 689,42 കോടി രൂപയുടെ വായ്പ വിതരണം ചെയ്തു.

നബാർഡ്, എൻസിഡിസി എന്നീ ഏജൻസികളുടെ പുനർ വായ്പാ സാഹായമാണ് വായ്പയ്ക്ക് ബാങ്ക് മുഖ്യമായും പ്രയോജനപ്പെടുത്തിയത്. വിവിധ വായ്പാ പദ്ധതികളിലായി 196.47 കോടി രൂപയാണ് കാർഷിക വായ്പ കഴിഞ്ഞ വർഷം ബാങ്ക് ലഭ്യമാക്കി. ഭവനവായ്പയ്ക്ക് 282.96 കോടിയും കാർഷികേതര/ വ്യവസായ വായ്പയ്ക്ക് 90.77 കോടി രൂപയും ചെറുകിട വ്യാപാരത്തിലും മറ്റ് ഹ്രസ്വകാല ആവശ്യങ്ങൾക്കുമുള്ള വായ്പയ്ക്ക് 119.22 കോടി രൂപയും ലഭ്യമാക്കി.

വായ്പാ വിതരണത്തിൽ എറണാകുളം മേഖലയിലെ ബാങ്കുകളാണ് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ചത് നടപ്പുവർഷം (2010-11) 750 കോടി രൂപ വായ്പ നൽകും.

2010-11 വർഷം വിവിധ വായ്പാ ആവശ്യങ്ങൾക്ക് 750 കോടി രൂപയുടെ ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ വിവിധ പദ്ധതികളിലായി കാർഷിക വായ്പയ്ക്ക് 335 കോടി രൂപ വിതരണം ചെയ്യും.

ഭവന നിർമാണത്തിന് 275 കോടി രൂപയും കാർഷികേതര/ വ്യവസായ വായ്പാ ആവശ്യങ്ങൾക്ക് 90 കോടി രൂപയും ചെറുകിട വ്യാപാരത്തിനും മറ്റ് ഹ്രസ്വകാല ആവശ്യങ്ങൾക്കുമുള്ള വായ്പയ്ക്ക് 50 കോടി രൂപയും നൽകുന്നതിനാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്. പുതിയ വായ്പാ മേഖലകളിലേയ്ക്ക് കടക്കാൻ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾബാങ്ക് ആരംഭിച്ചിട്ടുണ്ട്.

# സ്വർണവില വർധനയ്ക്കു പിന്നിൽ

സ്വർണത്തിന്റെ ഉപയോഗം വർധിക്കുമ്പോഴാണു സാധാരണ വില ഉയരുന്നതെന്നു പറയാറുണ്ട്. എന്നാൽ സ്വർണവ്യാപാരികളിൽ നിന്നു വേണ്ടത്ര ഡിമാൻഡില്ലാതിരുന്നിട്ടും വില ഔൺസി(28.34 ഗ്രാം)നു 1250 ഡോളർ(56,250 രൂപയോളം)എന്ന സർവകാല റിക്കാർഡിലേക്കു നീങ്ങുകയായിരുന്നു. ഈ വില ഇനിയും ഉയർന്ന് ഔൺസിനു 1500 ഡോളറോ അതിലേറെയോ ആകാൻ സാധ്യതയുണ്ടെന്നാണു നിരീക്ഷകർ കരുതുന്നത്.

പേപ്പർ കറൻസിയുടെ വിശ്വാസ്യത ചോദ്യം ചെയ്യുന്ന രീതിയിലുള്ള സാമ്പത്തിക കുഴപ്പമാണ് ഇതിനു കാരണമായിരിക്കുന്നത്. യൂറോപ്പിൽ ഗ്രീസിനെ ബാധിച്ചതും സ്പെയിനിനെ ഉറ്റുനോക്കുന്നതുമായ കടബാധ്യതയും യൂറോയുടെ മൂല്യശോഷണവും സ്വർണവില കുതിക്കുന്നതിനു കാരണമായി.

ഗ്രീസിൽ ബാധിച്ച സാമ്പത്തിക കുഴപ്പങ്ങൾ യൂറോപ്പിലെ മറ്റുരാജ്യങ്ങളിലേക്കു പടരുന്നുവെന്ന സൂചനയെത്തുടർന്നു കറൻസിയിലുള്ള നിക്ഷേപത്തിനു വിശ്വാസം നഷ്ടപ്പെടുത്തുകയായിരുന്നു. തൊട്ടുപിന്നാലെ നിലനിൽപ്പിനുവേണ്ടി യൂറോ ശ്വാസം മുട്ടുന്ന പ്രവണത കൂടി യായപ്പോൾ നിക്ഷേപകർ ഭൂരിഭാഗവും സ്വർണത്തിലേക്കു തിരിഞ്ഞു.

കഴിഞ്ഞ പന്ത്രണ്ടിനു ലോകത്തിലെ ഏറ്റവും വലിയ സ്വർണ വിനിമയ ഫണ്ടായ എസ്പിഡിആർ ഗോൾഡ് ട്രസ്റ്റിന്റെ ശേഖരം 17 ടണ്ണായി ഉയർന്നു. ഗ്രീസിന്റെ വർധിച്ചുവരുന്ന കടബാധ്യത നിക്ഷേപകരെ ഭയപ്പെടുത്തുന്നുവെന്നതിന് ഇതു തെളിവാകുകയും ചെയ്തു.

2008 വരെ ആഗോള സ്വർണ ശേഖരത്തിന്റെ അറുപതു ശതമാനവും ആഭരണങ്ങൾ നിർമിക്കാനാണ് ഉപയോഗിച്ചിരുന്നത്. ബാക്കി 25 ശതമാനം നിക്ഷേപത്തിനും ശേഷമുള്ളതു വ്യാവസായിക ആവശ്യങ്ങൾക്കുമാണ് ഉപയോഗിച്ചത്.



എന്നാൽ 2009 ആയപ്പോഴേക്കും സ്ഥിതി മാറിത്തുടങ്ങി. നിക്ഷേപത്തിന്റെ തോത് 37 ശതമാനത്തിലേക്കു ഉയരുകയായിരുന്നു. ആഭരണ ഡിമാൻഡ് 50 ശതമാനത്തിലേക്കു താഴുകയും ചെയ്തു. ഇപ്പോഴത്തെ സ്വർണവിനിമയ ഫണ്ട് ഒരു സൂചികയായി എടുത്താൽ ഈ വർഷം സ്വർണ നിക്ഷേപം ഇനിയും ഉയരുമെന്നാണു നിരീക്ഷകർ പറയുന്നത്.

ഗ്രീസിന്റെ രക്ഷയ്ക്കായി ആയിരം കോടി ഡോളറിന്റെ പാക്കേജ് യൂറോപ്യൻ യൂണിയൻ പ്രഖ്യാപിച്ചുവെങ്കിലും അതൊന്നും അത്ര ഫലവത്താകില്ലെന്ന തോന്നൽ നിക്ഷേപകർക്കിടയിൽ വ്യാപകമായിട്ടുണ്ട്.

മേയ് ആദ്യവാരം ഡൗ ജോൺസ് വ്യാവസായിക സൂചികയിൽ ആയിരം പോയിന്റ് ഇടിവുണ്ടായെങ്കിലും സ്വർണ നിക്ഷേപ ഫണ്ടിലേക്കു 1100 കോടി ഡോളറിന്റെ സ്വർണമാണു കുമിഞ്ഞു കൂടിയത്. സ്വിറ്റ്സർലൻഡ്, ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും കൂടുതൽ സ്വർണ ശേഖരമുള്ള നിക്ഷേപ സംരംഭമാണു ന്യൂയോർക്ക് ഓഹരി വിപണിയിൽ ലിസ്റ്റു ചെയ്തിട്ടുള്ള എസ്പിഡിആർ ഇടിഎഫ്. യൂറോപ്യൻ വിപണിയിൽ തുടരുന്ന അനിശ്ചിതാവസ്ഥ സ്വർണവില ഇനിയും വർധിക്കാൻ ഇടയാക്കുമെന്നാണു സൂചന. ആഗോള ഖനികളിൽ നിന്നു ലഭിക്കുന്ന സ്വർണത്തിന്റെ 40 ശതമാനം എസ്പിഡിആറിന്റെ ശേഖരത്തിലുണ്ട്.

സിംഗപ്പൂർ, ഹോങ്കോംഗ്, ടോക്കിയോ എന്നീ വിപണികളിൽ ക്രോസ് ലിസ്റ്റു ചെയ്തിട്ടുള്ള എസ്പിഡിആറിന്റെ ഓഹരി ഏതുസമയവും വാങ്ങാൻ നിക്ഷേപകർക്ക് അനുമതി നൽകിയിട്ടുണ്ട്.

കഴിഞ്ഞ വർഷം ലോകവിപണിയിൽ സ്വർണത്തിനു ആഭരണവ്യാപാരികളിൽ നിന്നുള്ള ഡിമാൻഡ് 20 ശതമാനം ഇടിഞ്ഞിരുന്നു.

ലോകത്തിൽ ഏറ്റവും കൂടുതൽ സ്വർണം ഉപയോഗിക്കുന്ന ഇന്ത്യയിൽ നാണയപ്പെരുപ്പം ഉയർന്നു നിൽക്കുന്ന സാഹചര്യത്തിൽ സ്വർണ നിക്ഷേപം വർധിക്കുമെന്നാണു വിദേശ നിരീക്ഷകരുടെ കണക്കുകൂട്ടൽ.



# സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ പുതുതന്ത്രങ്ങൾ മെനയുന്നു



ജേക്കബ് വി. ജെ. വാഴേപ്പറമ്പിൽ




യൂണിറ്റ് ബന്ധിത ഇൻഷ്വറൻസ് പോളിസികളെ (യൂലിപ്) സംബന്ധിച്ച് സെക്യൂരിറ്റീസ് ആൻഡ് എക്സ് ചേഞ്ച് ബോർഡ് ഒഫ് ഇന്ത്യയും (സെബി) ഇൻഷ്വറൻസ് റഗുലേറ്ററി ആൻഡ് ഡവലപ്മെന്റ് അതോറിറ്റിയുമായുള്ള (ഐ. ആർ. ഡി. എ) തർക്കം മുറുകുകയാണ്.

സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ നിലനിൽപ്പിനായാണ് പുതുതന്ത്രങ്ങൾ മെനയുന്നത്.

പുതിയ യൂലിപ് പദ്ധതികൾ പുറത്തിറക്കുന്നതിന് സെബി വിലക്ക് ഏർപ്പെടുത്തിയതിനാൽ പരമ്പരാഗത ഇൻഷ്വറൻസ് പദ്ധതികൾ നവീന മാതൃകയിൽ ആരംഭിച്ച് വിപണി പിടിക്കാനാണ് സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ ശ്രമം.

നിലവിൽ ഇൻഷ്വറൻസ് കമ്പനികളുടെ മൊത്തം ബിസിനസിൽ സിംഹഭാഗവും യൂലിപ് വിൽപ്പനയിൽ നിന്നാണ് നേടുന്നത്.

ഇതോടൊപ്പം വിപണനശൃംഖല വ്യാപിക്കുന്നതിനും മറ്റ് പങ്കാളിത്തങ്ങളിൽ ഏർപ്പെടാനും കമ്പനികൾ പദ്ധതിയിടുന്നുണ്ട്.

പുതിയ തന്ത്രത്തിന്റെ ഭാഗമായി രാജ്യത്തെ പ്രമുഖ സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിലൊന്നായ ബജാജ് അലയൻസ് ഉറപ്പായ വരുമാനം വാഗ്ദാനം ചെയ്യുന്ന ഇൻവെസ്റ്റ പ്ളസ് പ്രീമിയർ എന്ന പദ്ധതി അവതരിപ്പിച്ചിട്ടുണ്ട്.

> **സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ നിലനിൽപ്പിനായാണ് പുതു തന്ത്രങ്ങൾ മെനയുന്നത്. പുതിയ യൂലിപ് പദ്ധതികൾ പുറത്തിറക്കുന്നതിന് സെബിവിലക്ക് ഏർപ്പെടുത്തിയതിനാൽ പരമ്പരാഗത ഇൻഷ്വറൻസ് പദ്ധതികൾ നവീന മാതൃകയിൽ ആരംഭിച്ച് വിപണി പിടിക്കാനാണ് സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളുടെ ശ്രമം.**

നടപ്പുസാമ്പത്തിക വർഷം 7.05 ശതമാനം വരുമാനമാണ് ഈ പദ്ധതി ഉറപ്പ് നൽകുന്നത്. യൂലിപ് പദ്ധതിയുടെ മറ്റൊരു വകഭേദം തന്നെയാണിത്.

ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ വരുമാനം ഉറപ്പുനൽകുന്ന ആകർഷകമായ പദ്ധതികൾ നേരത്തെതന്നെ പുറത്തിറക്കിയിരുന്നു.

മറ്റൊരു പ്രമുഖ സ്വകാര്യ കമ്പനിയായ ഭാരതി ആക്സാ ചെറുപട്ടണങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിച്ച് പുതിയ വെല്ലുവിളി നേരിടാനാണ് ഒരുങ്ങുന്നത്.

ജീവകാരുണ്യ സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഗ്രാമിണ മേഖലയിൽ ഇൻഷ്വറൻസിന്റെ പ്രയോജനം എത്തിക്കാനും ഭാരതി ആക്സാ പദ്ധതിയിടുന്നു.

വൈവിധ്യമാർന്ന ഇൻഷ്വറൻസ് പദ്ധതിയുമായി മൊത്തം ബിസിനസ് ഗണ്യമായി വർദ്ധിപ്പിക്കാനാണ് ഇന്ത്യ ഫസ്റ്റ് ലൈഫ് ഇൻഷ്വറൻസ് കമ്പനി ആലോചിക്കുന്നത്.

ബാങ്ക് ഓഫ് ബറോഡയും ആന്ധ്രാ ബാങ്കും സംയുക്തമായി രൂപം കൊടുത്ത ഇൻഷ്വറൻസ് സ്ഥാപനമാണ് ഇന്ത്യ ഫസ്റ്റ് ലൈഫ് ഇൻഷ്വറൻസ്. ○

# ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതി സർവകാല റെക്കാർഡിലേയ്ക്ക്




കൊച്ചി: ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി വരുമാനം സർവകാല റെക്കാർഡിലെത്തി.

ഇക്കാലയളവിൽ ഇരുന്നൂറ് കോടി ഡോളറിന്റെ സമുദ്രോത്പന്നങ്ങളാണ് ഇന്ത്യയിൽ നിന്ന് കയറ്റിഅയച്ചത്. മൊത്തം കയറ്റുമതി മൂല്യം 15.26 ശതമാനം ഉയർന്ന് 9921.46കോടി രൂപയായി.

കയറ്റുമതി അളവ് 10.08 ശതമാനം വർധിച്ച് 6,63,603 ടണ്ണായി. ഡോളറിലുള്ള കയറ്റുമതി മൂല്യത്തിലും മികച്ച വർധനയുണ്ട്.

ആഗോള മാന്ദ്യവും യൂറോപ്പിലെ സാമ്പത്തിക പ്രതിസന്ധിയും മറികടന്നാണ് ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതി മേഖല തകർപ്പൻ പ്രകടനം കാഴ്ച വെച്ചത്.

ഡോളർ, യൂറോ എന്നിവയ്ക്കെതിരെ രൂപയുടെ മൂല്യം കുത്തനെ ഉയർന്നതും കടുത്ത വെല്ലുവിളിയാണ് കയറ്റുമതി മേഖലയിൽ സൃഷ്ടിച്ചത്.

